**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5311** **12-08-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ മേഖലയിലെ അവശ്യ വസ്തുക്കളായ മണൽ, പാറ, ചെളി, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാകയാലും ഈ അനുമതി നൽകുന്നതിന് സംസ്ഥാനത്ത് ഒരു ഏജൻസി (SEIAA) മാത്രമുള്ള സാഹചര്യത്തിലും ഖനനാനുമതികൾ നൽകുന്നതിന് പൊതുവേ കാലതാമസം നേരിട്ടുന്നുണ്ട്. എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള പാറഖനനത്തിന് പൊതു നിർമ്മിതികളിൽ നിന്നും വാസഗൃഹത്തിൽ നിന്നുമുള്ള ദൂരപരിധി 200 മീറ്ററായി ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചതിനെതിരെ സംസ്ഥാന സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നുവെങ്കിലും അനുകൂല ഉത്തരവ് ലഭിച്ചിരുന്നില്ല. നിലവിൽ ഈ വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സർക്കാർ ഭൂമിയിൽ നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗാർഹികാവശ്യത്തിന് സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിന് ആവശ്യമായ ഇളവുകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 20,000 സ്ക്വയർ മീറ്റർ വരെ ബിൽറ്റ് അപ് ഏരിയ ഉള്ള നിർമ്മിതികൾക്ക് ബേസ്മെന്റ് നിർമ്മാണത്തിന് പാരിസ്ഥിതികാനുമതിയില്ലാതെ മണ്ണ് നീക്കം ചെയ്യുന്നതിന് പ്രത്യേക അനുമതികൾ നൽകി വരുന്നു. നിർമ്മാണ മേഖലയിലെ വസ്തുക്കളായ പാറ, മണൽ എന്നിവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്നതിന് പ്രോത്സാഹനം നൽകികൊണ്ട് സർക്കാർ പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മൈനിംഗ് & ജിയോളജി വകുപ്പിൽ ഖനനാനുമതിക്കായി നൽകുന്ന അപേക്ഷകളിൽ | (ബി) | വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതവും സുതാര്യവുമായി |

| | | | |
|---|---|---|---|
| | തീർപ്പ കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | തീർപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഖനനമേഖലയിൽ കൊണ്ടുവന്ന് പൊതുജനങ്ങൾക്കും വൻകിട നിർമ്മാണങ്ങൾക്കും നിർമ്മാണവസ്തുക്കൾ ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉൽപ്പാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഖനന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കെ.എം.എം.എൽ, കേരള സിറാമിക്സ്, മലബാർ സിമന്റ്സ്. കെ.സി.സി.പി.എൽ, ട്രാവൻകൂർ സിമന്റ്സ്, കെംഡൽ എന്നീ സ്ഥാപനങ്ങൾ ആണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റിന്റെ നിർമ്മാണം നടത്തുന്ന മലബാർ സിമന്റ്സിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രെ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾ പുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി സ്വീകരിച്ച് വരുന്നുണ്ട്. കെംഡലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അണക്കെട്ടുകളിൽ അടിയുന്ന മണൽ സംസ്കരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്. ഇതിനായി ആരംഭത്തിൽ ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി 2 കോടി രൂപ അനുവദിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സിറാമിക്സ് ലിമിറ്റഡിൽ ഖനികളിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന കളിമണ്ണ് സംസ്കരിച്ച് വൻകിട പേപ്പർ, റിഫ്രാക്ടറി, വളം-കീടനാശിനി, സെറാമിക്, ഡിറ്റർജെന്റ് നിർമ്മാണ മേഖലയ്ക്കുള്ള അസംസ്കൃത വസ്തുവായി വിപണനം ചെയ്തു വരുന്നു. കെ.സി.സി.പി.എൽ വടക്കൻ മേഖലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കരിങ്കൽ ക്വാറിയും അതോടനുബന്ധിച്ച് ക്രഷർ യൂണിറ്റും തുടങ്ങാനുള്ള നിർദ്ദേശം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ